സർവ്വീസുകൾ ഈ പഞ്ചായത്തിൽകൂടി ഓടുന്നുണ്ട്. കൂടാതെ 34 പ്രൈവറ്റ് ബസ്സുകൾക്കും ഈ പഞ്ചായത്തിൽ സർവ്വീസ് നടത്തുന്നതിന് പെർമിറ്റ് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ബസ്സുകളുടെ ദൗർലഭ്യവും, കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക പരിമിതി മൂലവും കൂടുതൽ ബസ്സുകൾ ഓടിക്കുവാൻ തൽക്കാലം നിർവ്വാഹമില്ല.

പഴയകുന്നിൻമേൽ പഞ്ചായത്തിലെ യാത്രാക്ലേശം

1034. [1925] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ പഴയകുന്നിൻമേൽ പഞ്ചായത്തിൽ ഇപ്പോൾ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളും, പ്രൈവറ്റ് ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ബസ്സുകളുടെ അപര്യാപ്തത കാരണം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇവിടത്തെ യാത്രാക്ലേശം പരിഗണിച്ച് കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) പഞ്ചായത്ത് അടിസ്ഥാനത്തിൽ ബസ്സുകൾ ഓടിക്കുന്നതിൻെറ കണക്ക് ലഭ്യമല്ല. എം. ജി. റോഡുൾപ്പെടെയുള്ള ഈ പഞ്ചായത്തിൽ കൂടിയുള്ള വിവിധ റോഡുകളിൽ കൂടി കെ.എസ്. ആർ.ടി.സി. യുടെ വിവിധ ഡിപ്പോകളിൽ നിന്നുള്ള സർവ്വീസുകളും മറ്റു പ്രൈവറ്റ് ബസ്സുകളും കടന്നുപോകുന്നു.

(ബി) ഉണ്ട്.

(സി) കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക പരിമിതി മൂലം തൽക്കാലം നിർവ്വാഹമില്ല.

കരവാരം പഞ്ചായത്തിലെ യാത്രാക്ലേശം

1035 [1931]. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ കരവാരം പഞ്ചായത്തിൽ ഇപ്പോൾ എത്ര കെ. എസ്. ആർ. ടി. സി. ബസ്സുകളും പ്രൈവറ്റ് ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ബസ്സുകളുടെ അപര്യാപ്തത കാരണം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇവിടത്തെ യാത്രാക്ലേശം പരിഗണിച്ച് കൂടുതൽ കെ.എസ്. ആർ. ടി. സി. ബസ്സുകൾ ഓടിക്കുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly